**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 189** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പകർച്ച പനികൾ നിയന്ത്രണ വിധേയമാക്കാൻ സ്വീകരിച്ച നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ഈ മഴക്കാല സീസണിൽ വിവിധ തരം പനികൾ ബാധിച്ച് എത്ര പേർ ഇതുവരെ ചികിത്സ നേടിയിട്ടുണ്ട്;

**<u>മറുപടി:</u>** ഈ വർഷം ജൂൺ 1 മുതൽ 19 വരെ വിവിധ തരം പനികൾ ബാധിച്ച് ചികിത്സ തേടിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| നം. | രോഗം | ചികിത്സ തേടിയവരുടെ എണ്ണം |
|---|---|---|
| 1 | ഡെങ്കിപ്പനി(സ്ഥിരീകരിച്ചത്) | 1195 |
| 2 | ഡെങ്കിപ്പനി(സംശയാസ്പദം) | 4118 |
| 3 | ചിക്കുൻഗുനിയ | 9 |
| 4 | എലിപ്പനി(സ്ഥിരീകരിച്ചത്) | 186 |
| 5 | എലിപ്പനി(സംശയാസ്പദം) | 134 |
| 6 | ടൈഫോയ്ഡ് | 20 |
| 7 | ചെള്ളുപനി | 40 |
| 8 | ഇൻഫ്ലുവൻസ | 1238 |
| 9 | വെസ്റ്റ് നൈൽ | 6 |
| 10 | ചിക്കൻപോക്സ് | 1640 |
| 11 | അക്യൂട്ട് എൻസഫൈലൈറ്റിസ് സിൻഡ്രോം(AES) | 1 |
| 12 | കോവിഡ്-19 | 257 |
| 13 | ജപ്പാൻ ജ്വരം | 1 |
| 14 | മലമ്പനി(Malaria) | 56 |
| 15 | പനി ഒ.പി<br>പനി ഐ.പി | 206801<br>1886 |

**(ബി)** ഏതെല്ലാം തരത്തിലുള്ള പകർച്ച പനികളാണ് സംസ്ഥാനത്ത് പടർന്ന് പിടിച്ചിട്ടുള്ളത്; പകർച്ച പനികൾ നിയന്ത്രണ വിധേയമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**മറുപടി:** ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എലിപ്പനി, ടൈഫോയ്ഡ്, ചെള്ളുപനി, ഇൻഫ്ലുവൻസ, ചിക്കൻപോക്സ്, കോവിഡ്-19, മലേറിയ മുതലായവയാണ് അധികമായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

സംസ്ഥാനത്ത് പകർച്ചപ്പനി പടർന്ന് പിടിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## സംസ്ഥാനത്ത് പകർച്ചപ്പനി പടർന്ന് പിടിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ

- ആരോഗ്യ ജാഗ്രത കലണ്ടർ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയും എല്ലാ ജില്ലകളിലും കലണ്ടർ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.
- എല്ലാ മാസവും, മൂന്നാമത്തെ ചൊവ്വാഴ്ച ദിവസം Healthy Kerala പരിപാടിയുടെ ഭാഗമായി ഭക്ഷണ സ്ഥാപനങ്ങളുടെയും മറ്റ് പൊതു ഇടങ്ങളിലുമുള്ള പരിശോധനകൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നു.
- എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ പകർച്ചപ്പനി അടക്കമുള്ള പകർച്ചവ്യാധികളുടെ സ്ഥിതി വിശേഷം ചർച്ച ചെയ്ത് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നു.
- എല്ലാ ആഴ്ചയിലും ജില്ലാ സർവൈലൻസ് ഓഫീസർമാരുടെ അവലോകന യോഗം ചേർന്ന് ഓരോ ജില്ലയിലെയും കേസുകളുടെ നിരക്കും സാന്ദ്രതയും അവലോകനം ചെയ്ത് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ നിന്നും നൽകുകയും ആവശ്യമുണ്ടെങ്കിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ധ സംഘത്തെ ജില്ലകളിലേക്ക് അയക്കുകയും ചെയ്യുന്നുണ്ട്.
- എല്ലാ ജില്ലകളിലും പ്രാണിജന്യ രോഗ നിയന്ത്രണത്തിനായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് ജീവനക്കാർക്കും വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.
- കൊതുകുജന്യ രോഗങ്ങൾ തടയുവാൻ ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ഉറവിട നിർമ്മാർജന പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാലയങ്ങൾ, ജോലിസ്ഥലങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ എല്ലാ ആഴ്ചയും

യഥാക്രമം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 'Dry Day' ആചരിക്കുകയും ചെയ്യുന്നു.

- എലിപ്പനി തടയുവാനായി, രോഗം വരാൻ സാധ്യതയുള്ളവർക്ക് പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ ഗുളികകൾ നൽകിവരുന്നു.
- ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് വേണ്ടി സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പകർച്ചവ്യാധികളെപ്പറ്റി online പരിശീലനങ്ങൾ നടന്നുവരുന്നു.
- ORS, Doxycycline, Bleaching Powder തുടങ്ങിയവയുടെ സ്റ്റോക്ക് എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.
- പകർച്ചവ്യാധികൾ തടയുവാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും, പൊതുജനങ്ങൾ പാലിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റിയുമുള്ള അവബോധം വിവിധ ദൃശ്യ-ശ്രവ്യ-അച്ചടി- സാമൂഹിക മാധ്യമങ്ങളിലൂടെ നടന്നുവരുന്നു.
- പനിയുമായി ആശുപത്രിയിൽ വരുന്ന എല്ലാ രോഗികൾക്കും ഒ.പി, ഐ.പി ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. പനിരോഗങ്ങളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ കാഷ്വാലിറ്റിയിൽ ഫീവർ ക്ലിനിക്ക് തുടങ്ങുന്നതാണ്.
- പനിയുമായി വരുന്ന രോഗികൾക്ക് വേണ്ട ലാബ് പരിശോധന സൗകര്യങ്ങളും മരുന്നിന്റെ ലഭ്യതയും ഉറപ്പാക്കി.
- ഇത്തരം രോഗങ്ങളുമായി ഐ.പി ചികിത്സ തേടുന്ന രോഗികൾക്ക് പ്രത്യേകിച്ചും കൊതുകുജന്യ രോഗങ്ങളുമായി വരുന്ന രോഗികളെ കിടത്തുന്ന വാർഡുകളിൽ കൊതുകു.വലയോടുകൂടിയ കട്ടിലുകൾ തയ്യാറാക്കിയിട്ടുണ്ട്.
- Hospital Infection Control Committee യോഗം നടത്തുകയും ആവശ്യമായ പ്രതിരോധ നടപടികളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരികയും ചെയ്യുന്നു.
- Disease Surveilance ഉം PHC തലത്തിൽ ഫീൽഡ്തല പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നു.
- പകർച്ചപ്പനികളുടെ ഉറവിടങ്ങൾ കണ്ടെത്തി രോഗം കൂടാതിരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(signature)
സെക്ഷൻ ഓഫീസർ